**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1939** **11-10-2024 - ൽ മറുപടിയ്ക്ക്**

**മൃഗസംരക്ഷണ വകുപ്പ് ഗുരുവായൂർ മണ്ഡലത്തിൽ അനുവദിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മൃഗസംരക്ഷണ വകുപ്പ് 2021 മുതൽ 2024 വരെ ഗുരുവായൂർ മണ്ഡലത്തിൽ വിവിധ പദ്ധതികൾക്കായി എത്ര രൂപ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | (എ) | **2021-22സാമ്പത്തിക വർഷത്തെ പദ്ധതികൾ**<br><br>1)ഗുരുവായൂർ മണ്ഡലത്തിൽ വരുന്ന ചാവക്കാട് മൃഗാശുപത്രി വഴി ചാവക്കാട് ബ്ലോക്കിൽ രാത്രി കാലങ്ങളിൽ അടിയന്തിര ഘട്ടത്തിൽ കർഷകന്റെ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിന് 5,82,465/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>2)മണ്ഡലത്തിൽ 3 വന്ധ്യതാ നിവാരണ ക്യാംപുകൾ നടപ്പിലാക്കുന്നതിന് 30,000/-രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>3)മണ്ഡലത്തിലെ തെരഞ്ഞെടുത്ത 2 ഗുണഭോക്താക്കൾക്ക് 5 പെണ്ണാടുകളേയും ഒരു മുട്ടനാടിനേയും വാങ്ങുന്നതിലേയ്ക്ക് 25000/- രൂപ വീതം സർക്കാർ ധനസഹായം നൽകുന്ന ഗോട്ട്സാറ്റലൈറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് 50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>4)മണ്ഡലത്തിലെ വിജയൻ എം .ബി, മനകുളങ്ങര വീട് എന്ന കർഷകന്റെ ഡയറി ഫാമിൽ കറവയന്ത്രം വാങ്ങി സ്ഥാപിക്കുന്നതിലേയ്ക്ക് 25,000/-<br><br>രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>5)മണ്ഡലത്തിലെ 7ഗുണഭോക്താക്കൾക്ക് 88,520/- രൂപ ദുരന്തനിവാരണ ഫണ്ടിൽ നിന്നും നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.<br><br>**2022-23 സാമ്പത്തിക വർഷത്തെ പദ്ധതികൾ**<br><br>1)ഗുരുവായൂർ മണ്ഡലത്തിൽ വരുന്ന ചാവക്കാട് മൃഗാശുപത്രി വഴി ചാവക്കാട് ബ്ലോക്കിൽ രാത്രി കാലങ്ങളിൽ അടിയന്തിര ഘട്ടത്തിൽ കർഷകന്റെ |

| | | | |
|---|---|---|---|
| | | | വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിന് 4,96,890/-രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>2)മണ്ഡലത്തിലെ തെരഞ്ഞെടുത്ത 2 ഗുണഭോക്താക്കൾക്ക് 5 പെണ്ണാട്ടുകളേയും ഒരു മുട്ടനാടിനേയും വാങ്ങുന്നതിലേയ്ക്ക് 25,000/-രൂപ വീതം സർക്കാർ ധനസഹായം നൽകുന്ന ഗോട്ട്സാറ്റലൈറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് 50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>3)2022-23 സാമ്പത്തിക വർഷത്തിൽ മണ്ഡലത്തിൽ 2 വന്ധ്യതാ നിവാരണ ക്യാംപുകൾ നടപ്പിലാക്കുന്നതിന് 20,000/-രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>4)മണ്ഡലത്തിലെ തെരഞ്ഞെടുത്ത 2 സ്കൂളുകളിൽ സ്കൂൾ പൗൾട്രി ക്ലബ്ബ് പദ്ധതി നടപ്പിലാക്കുന്നതിന് 65,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം ഓരോ സ്കൂളിലേയും തെരഞ്ഞെടുത്ത 50 കുട്ടികൾക്ക് 5 കോഴി കുഞ്ഞുങ്ങളും തീറ്റയും മരുന്നും നൽകി.<br><br>**<u>2023-24 സാമ്പത്തിക വർഷത്തെ പദ്ധതികൾ</u>**<br><br>1 )ഗുരുവായൂർ മണ്ഡലത്തിൽ വരുന്ന ചാവക്കാട് മൃഗാശുപത്രി വഴി ചാവക്കാട് ബ്ലോക്കിൽ രാത്രി കാലങ്ങളിൽ അടിയന്തിര ഘട്ടത്തിൽ കർഷകന്റെ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിന് 5,17,856/-രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>2) ചാവക്കാട് മൃഗാശുപത്രി വഴി ജൂനിയർ റസിഡന്റ് പദ്ധതി നടപ്പിലാക്കുന്നതിന് 2,98,065/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ